നിയോഗിച്ചിട്ടുണ്ട്. കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് കേന്ദ്ര സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ 1999-2000-ത്തിലെ ബഡ്ജറ്റിൽ 20 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരവും ഫണ്ടും ഇതുവരേയും ലഭിച്ചിട്ടില്ല.

(4) പെരിന്തൽമണ്ണയിൽ ഫയർ സ്റ്റേഷൻ

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട പട്ടണമായ പെരിന്തൽമണ്ണയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ലയെന്നുള്ളകാര്യം ഈ സഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാമെന്ന തീരുമാനമായതാണ്. ഈ അടുത്തകാലത്തായി അവിടെ അഞ്ച് തീപിടിത്തമരണങ്ങളുണ്ടായി, പത്ത്-നാൽപ്പത് ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായി. ശ്രീ. ടി.കെ. രാമകൃഷ്ണൻ ഒരുതവണ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. ഇത് അവിടത്തെ ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ, പെരിന്തൽമണ്ണ ഫയർസ്റ്റേഷനുവേണ്ടി അഞ്ച് ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയിട്ടുണ്ട്. ഗവൺമെന്റിന്റെ സാങ്ഷൻ ലഭ്യമാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഇ.കെ. നായനാർ)</u> : സ്പീക്കർ സർ, പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് അനുമതി നൽകിവരുകയാണ് പതിവ്. 2000-2001 വർഷത്തിൽ പുതിയ ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള മുൻഗണനാലിസ്റ്റിൽ പെരിന്തൽമണ്ണയും ഉൾപ്പെടുന്നുണ്ട്. പെരിന്തൽമണ്ണ വില്ലേജിൽ .40 സെന്റ് സ്ഥലം ഫയർ ഫോഴ്സിന്റെ കൈവശമുണ്ട്. ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് പെരിന്തൽമണ്ണയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(5) കാസർഗോഡ് ജില്ലയിൽ നടന്ന കൊലപാതകങ്ങൾ

<u>ശ്രീ. പി. രാഘവൻ</u> : സർ, കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ കുറേവർഷങ്ങളായി ഉണ്ടായിട്ടുള്ള കൊലപാതകങ്ങളോടനുബന്ധിച്ചുള്ള ഏതാനും കേസ്സുകളിൽ ഇനിയും പ്രതികളെ ഐഡന്റിഫൈ ചെയ്യാനോ അതുപോലെ മറ്റ് നടപടികളെടുക്കുവാനോ സാധിച്ചിട്ടില്ല. 1993 മുതലുള്ള നിരവധി കേസ്സുകളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ചില കേസുകളിൽ നടപടി ഉണ്ടായിട്ടുണ്ടെങ്കിലും ബാക്കി കേസ്സുകൾ നിലനിൽക്കുകയാണ്. കളങ്കരിയിലെ ഇരട്ടക്കൊലപാതകം, പള്ളിക്കര ആയിസ്സുമ്മയുടെ കൊലപാതകം, ബദിയടുക്ക കുഞ്ഞിക്കണ്ണന്റെ കൊലപാതകം, സ്വർഗ്ഗയിലെ ശ്രീകൃഷ്ണഭട്ടിന്റെ കൊലപാതകം എന്നിവ സംബന്ധിച്ച കേസ്സുകളിലെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ബദിയടുക്കയിലെ കുഞ്ഞിക്കണ്ണൻ ഒരു ചാരായത്തൊഴിലാളിയാണ്. അദ്ദേഹത്തെ പോലീസ് സ്റ്റേഷന്റെ ഏതാനും വാര അകലെവച്ചാണ് കൊന്നത്. ആ കേസ്സിലെ പ്രതികളേയും പിടിച്ചിട്ടില്ല. അതുൾപ്പെടെ ഇനിയും ഏതാനും കേസ്സുകൾ തെളിയിക്കപ്പെടാതെ കിടക്കുകയാണ്. സ്വർഗ്ഗയിലെ ശ്രീകൃഷ്ണഭട്ടിനേയും അദ്ദേഹത്തിന്റെ ഭാര്യയേയും

LIBRARY ARCHIVES Kerala Legislative Assembly

1993-ൽ കൊലചെയ്തതാണ്. ആ കേസ്സിൽ ഒരു പ്രതിയെ പിടിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്, എല്ലാ പ്രതികളേയും പിടിച്ചിട്ടില്ല. ഇതെല്ലാം അവിടത്തെ ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. ഈ കൊലക്കേസ്സുകളെല്ലാം അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഒരു ടീമിനെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ ടീമിനെ സംബന്ധിച്ചും ഇപ്പോൾ അഭിപ്രായവ്യത്യാസങ്ങളുണ്ട്. മുമ്പ് ആരോപണവിധേയരായിട്ടുള്ള ആൾക്കാരാണ് ഈ ടീമിന് നേതൃത്വം വഹിക്കുന്നത്. അതുകൊണ്ട് ഈ കേസ്സുകൾ തെളിയിക്കാനാവശ്യമായ ശക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലുണ്ടായ 62 കൊലപാതകങ്ങളിൽ 59 എണ്ണവും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി മൂന്ന് കേസ്സേ ബാക്കിയുള്ളൂ. കളങ്കരിയിലെ ബീപാത്തുമ്മയും അവരുടെ വേലക്കാരി ശെൽവിയും കൊലചെയ്യപ്പെട്ട സംഭവം ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്. ചെക്കളയിൽ അജ്ഞാത സ്ത്രീ കൊലചെയ്യപ്പെട്ടതായ സംഭവത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 208/98 -ാം നമ്പർ കേസ്സും ബദിയടുക്ക കുഞ്ഞിക്കണ്ണനെ കൊലചെയ്തതിന് ബദിയടുക്ക പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 147/99-ാം നമ്പർ കേസും അന്വേഷണാവസ്ഥയിലാണ്. മൂന്ന് കേസുകളുടേയും അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) നെയ്യാർഡാം മേഖലയിലെ അഞ്ചുചങ്ങല പ്രദേശത്തെ സ്ഥിരം താമസക്കാർക്ക് പട്ടയം

ശ്രീ. തമ്പാനൂർ രവി : സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപ്പെട്ട കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകളിലെ ആയിരത്തിയഞ്ഞൂറോളം വരുന്ന കർഷക കുടുംബങ്ങൾ 1932 മുതൽ പട്ടയം വേണമെന്ന് ആവശ്യപ്പെടുകയാണ്. നെയ്യാർ ഡാമിന്റെ കൺസ്ട്രക്ഷനു മുമ്പ്തൊട്ടേ അവർ അത് ആവശ്യപ്പെടുകയാണ്. ഇന്ന് അവർ പട്ടയത്തിനുവേണ്ടി നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ കാര്യം മാറിമാറി വന്ന ഗവൺമെന്റുകളുടെ മുമ്പിൽ പലപ്രാവശ്യവും ഉന്നയിച്ചതാണ്; തൃപ്തികരമായ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ജില്ലകളിലെ റവന്യൂ അദാലത്തുകളുടെ ചർച്ചയിൽ ജനപ്രതിനിധികളെ വിളിച്ചുകൂട്ടിയ അവസരത്തിൽ ഞാൻ ഈ കാര്യം ഉന്നയിക്കുകയും അങ്ങ് on the spot-ൽ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവെങ്കിലും മൂന്ന് മാസം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണുണ്ടായിരിക്കുന്നത്. ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയാണ്, അവർ ഇതുസംബന്ധിച്ച് പഠിക്കാത്തതുകൊണ്ടാണ് ഇവർക്ക് പട്ടയം ലഭിക്കാതെ പോയത്. പട്ടയം ലഭിക്കാത്തതുമൂലം ജനകീയാസൂത്രണത്തിന്റെ ആനുകൂല്യങ്ങൾ അവർക്ക് കിട്ടുന്നില്ല. അവർക്ക് വായ്പ എടുക്കാൻ നിവൃത്തിയില്ല; അവർ കൊടും പട്ടിണിയിലാണ്. എനിക്ക് അങ്ങയോട് പറയുവാനുള്ളത് അങ്ങ് അടിയന്തിരമായി ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ-റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഉന്നതതലയോഗം ഉടനെ വിളിച്ചുകൂട്ടി ഈ പാവപ്പെട്ട, ആയിരത്തിയഞ്ഞൂറോളം വരുന്ന കർഷകർക്ക് പട്ടയം കൊടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ്.

11.00 am.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ മാത്രമല്ല, ശ്രീ. പി.ടി. ചാക്കോ മന്ത്രിയായിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly